പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2085 **26-10-2026-ൽ മറുപടിയ്ക്ക്**

മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. റെജി ചെറിയാൻ ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കുട്ടനാട് നിയമസഭാമണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; അവ സ്ഥിതിചെയ്യുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കുട്ടനാട് നിയോജക മണ്ഡലത്തിൽ സപ്ലൈകോയുടെ 5 മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	വിൽപ്പനശാലയുടെ പേര്	പ്രവർത്തിക്കുന്ന സ്ഥലം
1	തലവടി മാവേലി സ്റ്റോർ	തലവടി
2	വെളിയനാട് മാവേലി സ്റ്റോർ	വെളിയനാട്
3	കാവാലം മാവേലി സ്റ്റോർ	കാവാലം
4	നെടുമുടി മാവേലി സ്റ്റോർ	നെടുമുടി
5	കൈനകരി മാവേലി സ്റ്റോർ	കൈനകരി

കൂടാതെ കുട്ടനാട് നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മറ്റ് സപ്ലൈകോ വിൽപ്പനശാലകളുടെ കൂടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നം.	വിൽപ്പനശാലയുടെ പേര്	പ്രവർത്തിക്കുന്ന സ്ഥലം
1	മുട്ടാർ മാവേലി സൂപ്പർ സ്റ്റോർ	മുട്ടാർ
2	തെക്കേക്കര സൂപ്പർ മാർക്കറ്റ്	മങ്കൊമ്പ്
3	തകഴി സൂപ്പർ മാർക്കറ്റ്	തകഴി
4	രാമങ്കരി സൂപ്പർ മാർക്കറ്റ്	രാമങ്കരി
5	എടത്വാ സൂപ്പർ മാർക്കറ്റ്	എടത്വാ

(ബി) മാവേലിസ്റ്റോറുകൾ അനുവദിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടത് ആർക്കാണെന്നും ആർക്കൊക്കെ അപേക്ഷ സമർപ്പിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

മറുപടി: സപ്ലൈകോ മാനേജിംഗ് ഡയറക്ടർക്കാണ് മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ഒരു പ്രദേശത്ത് സപ്ലൈകോ വിൽപ്പനശാല ആവശ്യമെന്ന് കാണുന്ന പക്ഷം പൊതുജനങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവർക്ക് വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ നൽകാവുന്നതാണ്.

(സി) മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മറുപടി: പൊതുജനങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവരിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സാധ്യതാപഠനം നടത്തി അനുയോജ്യമെങ്കിൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനം ആജീവനാന്ത വാടക രഹിത കെട്ടിടവും അടിസ്ഥാന സൗകര്യങ്ങൾക്കായി ഒരു ലക്ഷം രൂപയും അനുവദിക്കുന്ന പക്ഷം രണ്ടാമത്തെ വിൽപ്പനശാല ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ